# യൂണിറ്റ് : 4

## ലോകയുദ്ധവും തുടർച്ചയും

1. ഒന്നാംലോകയുദ്ധത്തെ സാമ്രാജ്യത്വ യുദ്ധം എന്നു വിളിക്കുന്നതെന്തുകൊണ്ട്?

**2 സ്കോർ**

---

2. വിപ്ലവാനന്തരം പൂർണ്ണമായും തകർന്ന റഷ്യൻ സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്താൻ റഷ്യൻ ഭരണാധികാരികൾ സ്വീകരിച്ച പ്രധാനപ്പെട്ട നടപടികൾ. എന്തെല്ലാം? വിശദമാക്കുക?

**6 സ്കോർ**

---

3. സോവിയറ്റ് യൂണിയന്റെ വിദേശനയത്തിന്റെ പ്രത്യേകതകളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

**3 സ്കോർ**

---

4. തനാക്കാ മെമ്മോറിയലിനെ ജപ്പാനിലെ 'ഫാഷിസം' എന്നു വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

**2 സ്കോർ**

---

5. ഫാഷിഷസവും നാസിസവും മുന്നോട്ടുവച്ച ആശയങ്ങളിൽ സമാനതകൾ ഉണ്ടായിരുന്നു. വ്യക്തമാക്കുക.

**3 സ്കോർ**

---

6. "ബാൾക്കൻ പ്രതിസന്ധി" എന്ത്? ആരുടെയൊക്കെ താല്പര്യങ്ങളാണ് അതിലേയ്ക്ക് നയിച്ചത്?

**4 സ്കോർ**

---

7. അമേരിക്ക മുൻകൈയെടുത്ത് രൂപീകരിച്ച ലീഗ്ഓഫ് നേഷൻസിൽ അവർ അംഗമാകാതിരുന്നതിന്റെ പിന്നിലെ തന്ത്രം എന്തായിരുന്നു?

**2 സ്കോർ**

---

8. ഒന്നാംലോക യുദ്ധാനന്തരം തയ്യാറാക്കിയ സമാധാന ഉടമ്പടികൾ നീതിപൂർവ്വമായിരുന്നില്ല. വേഴ്സായ്, സെവ്റേ സന്ധികളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക

**5 സ്കോർ**

---

9. മൊറോക്കൻ പ്രതിസന്ധിക്കു കാരണമെന്തായിരുന്നു? ഈ പ്രതിസന്ധി പരിഹരിച്ചതെങ്ങനെ?

**4 സ്കോർ**

---

10. ഒന്നാംലോക യുദ്ധത്തിൽ പങ്കെടുത്ത ചില രാഷ്ട്രങ്ങളുടെ പേരുകൾ ചുവടെ കൊടുത്തിരിക്കുന്നു. ഇവയെ സഖ്യശക്തികൾ, കേന്ദ്രശക്തികൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക

    റഷ്യ, തുർക്കി, ഫ്രാൻസ്, ബൾഗേറിയ, ജർമ്മനി, സെർബിയ, ബ്രിട്ടൺ, ആസ്ത്രിയ

**4 സ്കോർ**

---

11. 1919-ലെ പാരീസ് സമാധാനസമ്മേളനം ഏകപക്ഷീയമായിരുന്നു. സമർത്ഥിക്കുക.

**4 സ്കോർ**

---

12. റഷ്യൻ വിപ്ലവത്തിനുശേഷം അവിടെ നടപ്പിലാക്കിയ യുദ്ധകാല കമ്മ്യൂണിസത്തിൽ നിന്നും 'പുത്തൻ സാമ്പത്തികനയം' എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**4 സ്കോർ**

---

13. സെന്റ് ജെർമെയ്ൻ, സെവ്റേ സന്ധികൾ ഏതെല്ലാം രാജ്യങ്ങളെയാണ് പ്രതികൂലമായി ബാധിച്ചത്?

**2 സ്കോർ**

---

14. സാമ്രാജ്യത്വരാഷ്ട്രങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ച പ്രതിസന്ധികൾ ലോകത്തെ ഒരു യുദ്ധത്തിലേക്ക് നയിച്ചു.

(1) ഒന്നാം ലോകയുദ്ധത്തിലേയ്ക്ക് നയിച്ച പ്രതിസന്ധികളേവ?

(2) ഈ പ്രതിസന്ധികൾക്ക് കാരണമായ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ ഏതെല്ലാം?

**2 സ്കോർ**

---

15. പൗരസ്ത്യയൂറോപ്യൻ സമസ്യ, മൊറോക്കൻ പ്രതിസന്ധി, ബാഗ്ദാദ് റെയിൽവെ ഇവ ഒന്നാം ലോകയുദ്ധത്തെ സാമ്രാജ്യത്വ യുദ്ധമെന്ന് വിശേഷിപ്പിക്കാൻ ഇടയാക്കി. ഇവ എങ്ങനെ ഒന്നാംലോകയുദ്ധത്തിനു കാരണമായി?

**6 സ്കോർ**

---

16. മുമ്പുണ്ടായ യുദ്ധങ്ങളിൽ നിന്നും ഒന്നാംലോകയുദ്ധത്തെ ഭീകരമാക്കിയത് യുദ്ധതന്ത്രത്തിന്റേയും സാങ്കേതിക വിദ്യയുടെയും പുതുമയാണ് - വ്യക്തമാക്കുക.

**4 സ്കോർ**

---

17. ചില രാജ്യങ്ങൾ, ബന്ധപ്പെട്ട വ്യക്തികൾ, പ്രസ്ഥാനങ്ങൾ എന്നിവയാണ് എ, ബി, സി കോളങ്ങളിൽ ഉള്ളത്. എ കോളത്തിനോടു ചേരുന്നവ ബി, സി കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

| എ | ബി | സി |
|---|---|---|
| ഇറ്റലി | ജനറൽ ഫ്രാങ്കോ | ബോൾഷെവിക്ക് |
| ജർമ്മനി | മുസോലിനി | ബ്രൗൺഷർട്ടസ് |
| റഷ്യ | ഹിറ്റ്ലർ | ബ്ലാക്ക്ഷർട്ട്സ് |
| സ്പെയിൻ | ലെനിൻ | ഫലാൻജനിസം |

**4 സ്കോർ**

---

18. സാമ്രാജ്യത്വ ശക്തികൾ ലോകം കീഴടക്കാനുള്ള മൽസരങ്ങളിലൂടെ സൃഷ്ടിച്ച പ്രതിസന്ധികളാണ് ഒന്നാം ലോകയുദ്ധത്തിന്റെ പ്രധാന കാരണം. ഈ പ്രസ്താവന പരിശോധിക്കുക?

**6 സ്കോർ**

---

19. വിപ്ലവാനന്തര റഷ്യയുടെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്താൻ ലെനിൻ സ്വീകരിച്ച അടിയന്തിര നടപടികൾ എന്തെല്ലാമായിരുന്നു?

**2 സ്കോർ**

---

20. 1929-ലെ 'ലോകസാമ്പത്തിക മാന്ദ്യം' അമേരിക്കയെ ഏതെല്ലാം വിധത്തിൽ ബാധിച്ചു? ഇതിനു പരിഹാരം കാണാൻ അമേരിക്ക സ്വീകരിച്ച നടപടികൾ എന്തെല്ലാം?

**4 സ്കോർ**

---

21. ഫാഷിസത്തിന്റെ ജർമ്മൻ രൂപമാണ് നാസിസം. ഫാഷിസത്തിന്റെയും നാസിസത്തിന്റേയും സ്വാഭാവവും രീതികളും വിലയിരുത്തി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക?

**4 സ്കോർ**

---

22. A കോളത്തിൽ നൽകിയിട്ടുള്ള നേതാക്കൾ നേതൃത്വം നൽകിയ പ്രസ്ഥാനങ്ങളും രാജ്യങ്ങളുമാണ് B, C കോളങ്ങളിൽ നൽകിയിട്ടുള്ളത്. ഇവ അനുയോജ്യമായ രീതിയിൽ ക്രമപ്പെടുത്തുക?

| A | B | C |
|---|---|---|
| ഫ്രാങ്കോ | നാസിസം | ഇറ്റലി |
| മുസലീനി | സോഷ്യലിസം | റഷ്യ |
| ഹിറ്റ്ലർ | ഫാഷിസം | സ്പെയിൻ |
| ലെനിൻ | ഫലാഞ്ജിസം | ജർമ്മനി |

**4 സ്കോർ**

---

23. സാമ്രാജ്യത്വ രാജ്യങ്ങൾക്കിടയിൽ സൈനിക സഖ്യങ്ങൾ രൂപപ്പെടുന്നതിന് കാരണമായതെങ്ങനെയെന്ന് വ്യക്തമാക്കുക?

**4 സ്കോർ**

---

24. സാമ്രാജ്യത്വ രാഷ്ട്രങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ച പ്രതിസന്ധികൾ ലോകത്തെ ഒരു യുദ്ധത്തിലേക്ക് നയിച്ചു - ഒന്നാം ലോകയുദ്ധത്തിലേക്ക് വഴി തുറന്ന സംഭവങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക?

**4 സ്കോർ**

---

25. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ മുൻപും നടന്നിട്ടുണ്ടെങ്കിലും ഒന്നാം ലോകയുദ്ധം അതുവരെയുണ്ടായ യുദ്ധങ്ങളിൽ ഭീകരമായ ഒന്നായിരുന്നു. ഒന്നാം ലോകയുദ്ധത്തിന്റെ നാശനഷ്ടങ്ങൾ, പ്രത്യാഘാതങ്ങൾ ഇവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന പരിശോധിക്കുക?

**4 സ്കോർ**

---

26. ഒന്നാം ലോകയുദ്ധം അവസാനിപ്പിക്കാൻ നടന്ന സമാധാന ശ്രമങ്ങളിൽ ഒന്നായിരുന്നു പതിന്നാലിനപരിപാടി. ഇവയിലെ 4 പ്രധാന നിർദ്ദേശങ്ങൾ എഴുതുക?

**4 സ്കോർ**

---

27. ലോകവ്യാപകമായ ഫലങ്ങളാണ് ഒന്നാം ലോകയുദ്ധത്തിന് ഉണ്ടായത് - എന്താണവ?

**3 സ്കോർ**

---

28. വേഴ്സായ് സന്ധി - പാരീസ് സമാധാന ഉടമ്പടിയിലെ പ്രധാന സന്ധിയാണ് - ആരുമായിട്ടാണ് ഇത് ഒപ്പു വച്ചത്? എന്തായിരുന്നു പ്രധാന വ്യവസ്ഥകൾ?

**3 സ്കോർ**

---

29. ഒന്നാം ലോകയുദ്ധം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒപ്പുവെച്ച സന്ധികൾ, അവയിലെ വ്യവസ്ഥകൾ ഇവ നീതിപൂർവ്വകമായിരുന്നോ? സന്ധികളും വ്യവസ്ഥകളും പരിശോധിച്ച് സ്വന്തം നിലപാട് വ്യക്തമാക്കുക?

**5 സ്കോർ**

---

30. തൊഴിലാളികളെയും കർഷകരെയും ചൂഷണം ചെയ്തിരുന്ന റഷ്യയിലെ ഭരണ കൂടത്തിനെതിരെ സമരം ചെയ്യുന്നതിന് രൂപീകരിച്ച സംഘടനയാണ് സോഷ്യൽ ഡെമോക്രാറ്റിക് ലേബർ പാർട്ടി. പിന്നീട് ഇവർ ബോൾഷെവിക്കുകൾ എന്നും മെൻഷെവിക്കുകൾ എന്നും പിരിഞ്ഞു. ഇതിന് അടിസ്ഥാനമായ കാരണമെന്ത്??

**4 സ്കോർ**

---

31. 'ഫെബ്രുവരി വിപ്ലവം' എന്ന് അറിയപ്പെട്ട സംഭവം എന്ത്? ഇത് റഷ്യയിലുണ്ടാക്കിയ മാറ്റങ്ങൾ എന്തൊക്കെ?

**4 സ്കോർ**

---

32. 'ഒക്ടോബർ വിപ്ലവം' എന്നറിയപ്പെട്ടതെന്ത്? ഇതിലൂടെ ലെനിൻ പ്രഖ്യാപിച്ച നടപടികളെന്ത്?

**4 സ്കോർ**

---

33. വിപ്ലവാനന്തരം നടപ്പാക്കിയ സാമ്പത്തിക പരിഷ്കാരങ്ങൾ എങ്ങനെയാണ് റഷ്യയെ ലോകരാഷ്ട്രങ്ങളിൽ ശക്തമായ രാഷ്ട്രമായി മാറുന്നതിന് സഹായിച്ചത്?

**3 സ്കോർ**

---

34. സോവിയറ്റ് യൂണിയനിൽ സ്റ്റാലിൻ പഞ്ചവൽസര പദ്ധതികളിലൂടെ നടപ്പാക്കിയ സാമ്പത്തിക പരിഷ്കാരങ്ങൾ എന്തായിരുന്നു?

**3 സ്കോർ**

---

35. സോവിയറ്റ് യൂണിയന്റെ വിദേശനയം വ്യത്യസ്തമായ ഒന്നായിരുന്നു. എന്തായിരുന്നു ഈ വ്യത്യസ്തത?

**3 സ്കോർ**

---

36. ഒന്നാം ലോകയുദ്ധത്തിന് സമാധാന ഉടമ്പടി നിർദ്ദേശിച്ചത് അമേരിക്കൻ പ്രസിഡന്റായ വുഡ്രോവിൽസണായിരുന്നു. എന്നാൽ ഒന്നാം ലോകയുദ്ധത്തിൽ അമേരിക്ക സ്വീകരിച്ച നിലപാടെന്ത്? യുദ്ധം അമേരിക്കയെ എങ്ങിനെ സ്വാധീനിച്ചു?

**3 സ്കോർ**

---

37. '1929-ലെ സാമ്പത്തികത്തകർച്ചയിൽ നിന്ന് രക്ഷപ്പെടാനാണ് അമേരിക്ക 'ന്യൂഡീൽ' പരിഷ്കരണ പരിപാടി ആവിഷ്കരിച്ചത്. എന്താണ് 'ന്യൂഡീൽ'? ഇത് എത്രമാത്രം ഫലപ്രദമായിരുന്നു?

**4 സ്കോർ**

---

38. 'ഒന്നാം ലോകയുദ്ധത്തിന്റെ ഏകപക്ഷീയമായ സമാധാന ഉടമ്പടികളാണ് ഫാഷിസത്തിന്റെയും നാസിസത്തിന്റെയും വളർച്ചയ്ക്ക് ഇടയാക്കിയത്'- ഒന്നാം ലോകയുദ്ധത്തിനു ശേഷമുള്ള ജർമ്മനിയിലേയും ഇറ്റലിയിലേയും സാമൂഹ്യസാഹചര്യങ്ങൾ വിലയിരുത്തി ഈ പ്രസ്താവന സമർത്ഥിക്കുക?

**6 സ്കോർ**

---

39. ഹിറ്റ്ലർ ജർമ്മനിയുടെ ചാൻസലർ ആയി സ്ഥാനമേൽക്കാനിടയായ സാഹചര്യവും അതിന് നാസി പാർട്ടി നൽകിയ സഹായവും വിശദമാക്കുക?

**4 സ്കോർ**

---

40. സ്പെയിനിൽ ജനറൽ ഫ്രാങ്കോ നടത്തിയ ആഭ്യന്തര കലാപത്തിന്റെ പശ്ചാത്തലം എന്ത്? ഇത് പര്യവസാനിച്ചത് എങ്ങിനെ?

**3 സ്കോർ**

---

41. എന്താണ് 'തനാക്ക' പദ്ധതി? ജപ്പാൻ, ജർമ്മനിയുമായി ചേർന്ന് സഖ്യം രൂപപ്പെടാനിടയായ സാഹചര്യം എന്ത്?

**3 സ്കോർ**

---